**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5289** **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവകലാശാലകൾക്ക് ഒന്നിലധികം ക്യാമ്പസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്ക് ഒന്നിലധികം ക്യാമ്പസുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (എ) | മൾട്ടികാമ്പസുകൾ ആരംഭിക്കാനുള്ള വ്യവസ്ഥ നിലവിലെ സ്വകാര്യ സർവകലാശാല കരട് ബില്ലിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് പിന്നീട് ഭേദഗതിയിലൂടെ നീക്കം ചെയ്തു. 2003 -ലെ യു.ജി.സി റെഗുലേഷൻ അനുസരിച്ച് സർവകലാശാല ഒരു യൂണിറ്ററി സർവകലാശാല ആയിരിക്കണമെന്നാണ് നിഷ്കർഷിക്കുന്നത്. യൂണിറ്ററി സർവകലാശാല എന്നത് ഒരു കാമ്പസിനകത്തു മാത്രം പ്രവർത്തിക്കുക എന്നതിനപ്പുറം അഫിലിയേഷൻ രീതി അല്ലാത്ത രീതിയിൽ സർവകലാശാലയുടെ പ്രവർത്തനം നടത്തുക എന്നതുകൂടി അർത്ഥമാക്കുന്നുണ്ട്. |
| (ബി) | സ്വകാര്യ സർവകലാശാല സംബന്ധിച്ച 2003-ലെ യു.ജി.സി. റെഗുലേഷന് അനുസൃതമാണോ ഈ നടപടി എന്ന് വ്യക്തമാക്കുമോ? | (ബി) | (എ) -ൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ